(ബി) ഒരു ക്രഷർ യൂണിറ്റിൽ ശരാശരി പത്തിൽ താഴെ തൊഴിലാളികളാണ് പണിയെടുക്കുന്നത്.

(സി—ജി) വിവരം ശേഖരിച്ചു വരുന്നു.

കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സ് തുറക്കുന്നതിന് നടപടി

39 [3444] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വ്യാവസായിക പുരോഗതിക്ക് വരുന്ന അഞ്ച് കൊല്ല ത്തേക്ക് എത്ര ടൺ ഇരുമ്പ് (ഉരുക്ക്) വേണ്ടിവരും എന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) കേരളത്തിൽ നിലവിൽ എത്ര സ്റ്റീൽ മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്; സ്വകാര്യ മേഖലയിൽ എത്ര; സർക്കാർ മേഖലയിൽ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) പൊതുമേഖലയിലുള്ള കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സ് തുറക്കുന്ന തിനു വേണ്ടിയുള്ള നടപടികൾ സ്തംഭിച്ചിരിക്കുകയാണെന്ന് വിവരം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ഡി) സ്റ്റീൽ കോംപ്ലക്സിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഫർണസുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്റ്റീൽ കോംപ്ലക്സിനോടനുബന്ധിച്ച് "റീ റോളിംഗ് മിൽ" സ്ഥാപിക്കാൻ അടിയന്തിരനടപടികൾ കൈക്കൊള്ളുമോ;

(എഫ്) സ്റ്റീൽ കോംപ്ലക്സിന് സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത് ഈടാക്കാൻ സ്റ്റീൽ കോംപ്ലക്സിനെ ഗവൺമെന്റ് സഹായിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പൊതുമേഖലയിൽ സ്റ്റീൽ കോംപ്ലക്സ് പ്രവർത്തിച്ചു വരുന്നു. സ്വകാര്യ മേഖലയെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സ് 1996 മുതൽ തുടർച്ചയായി പ്രവർത്തിച്ചു വരികയാണ്.

(ഡി) സ്വന്തം നിലയ്ക്ക് ലഭ്യമാക്കുന്ന സ്ക്രാപ്പിനനുസരിച്ച് കമ്പനിയിലെ ഫർണ സുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. കൂടുതൽ സ്ക്രാപ്പ് ഇറക്കുമതി ചെയ്യുന്നതിനനുസരിച്ച് ഫർണസുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കുവാൻ ശ്രമിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ പുനരുദ്ധാരണ പദ്ധതിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) നൂറ്റിഅൻപത് ലക്ഷം രൂപയിൽ താഴെ മാത്രമാണ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടുവാനുള്ളത്. ഈ കാര്യത്തിൽ സർക്കാർ കാലാകാലങ്ങളിൽ വേണ്ട മാർഗ്ഗനിർദ്ദേശം നൽകിവരുന്നു.

ടൈറ്റാനിയം ഡയോക്സൈഡിന്റെ വില കുറയ്ക്കുന്നതിനെപ്പറ്റി പഠനം

40 [3445] ശ്രീ. വർക്കല കഹാർ:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ശക്തൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് നിർമ്മിക്കുന്ന ഒരു ടൺ ടൈറ്റാനിയം ഡയോക്സൈഡിന്റെ വിലയെത്രയാണ്;

(ബി) മിനറൽസ് ആന്റ് മെറ്റൽസ് കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന ഒരു ടൺ ടൈറ്റാനിയം ഡയോക്സൈഡിന്റെ വിലയെത്രയാണ്;

(സി) ഇവയുടെ വിലയിൽ വ്യത്യാസമുള്ളപക്ഷം അതിനുള്ള കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ലോകവിപണിയിൽ ടൈറ്റാനിയം ഡയോക്സൈഡിന്റെ വിലയെത്രയാണ്;

(ഇ) ലോക വിപണിയിൽ വിജയകരമായി മത്സരിക്കത്തക്ക വിധത്തിൽ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ വില കുറയ്ക്കുവാനുള്ള മാർഗ്ഗത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ടി. ടി. പി. നിർമ്മിക്കുന്ന ഒരു ടൺ ടൈറ്റാനിയം ഡയോക്സൈഡിന്റെ അടിസ്ഥാന വില ടൺ ഒന്നിന് 61,000 രൂപയാണ്. എക്സൈസ് നികുതിയും വിൽപ്പന നികുതിയും മറ്റും ചേർത്ത് കമ്പോളത്തിൽ എത്തുമ്പോൾ വില 74,000 രൂപയോളമാകും.

(ബി) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ഉത്പ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ അടിസ്ഥാന വില ടൺ ഒന്നിന് 1,10,000 രൂപയാണ് ഇതിന് പുറമേ വിൽപ്പന നികുതിയും എക്സൈസ് നികുതിയും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly